# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXVIII YEAR OF OUR LORD JESUS CHRIST, OCTOBER 2022 No. 12


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

### സങ്കീർത്തനം 73:1-10

01. ദൈവം യിസ്രായേലിന്നു, നിർമ്മലഹൃദയമുള്ളവർക്കു തന്നേ, നല്ലവൻ ആകുന്നു നിശ്ചയം

02. എന്നാൽ എന്റെ കാലുകൾ ഏകദേശം ഇടറി; എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി.

03. ദുഷ്ടന്മാരുടെ സൌഖ്യം കണ്ടിട്ടു എനിക്കു അഹങ്കാരികളോടു അസൂയ തോന്നി.

04. അവർക്കു വേദന ഒട്ടും ഇല്ലല്ലോ; അവരുടെ ദേഹം തടിച്ചുരുണ്ടിരിക്കുന്നു.

05. അവർ മർത്യരെപ്പോലെ കഷ്ടത്തിൽ ആകുന്നില്ല; മറ്റു മനുഷ്യരെപ്പോലെ ബാധിക്കപ്പെടുന്നതുമില്ല.

06. ആകയാൽ ഡംഭം അവർക്കു മാലയായിരിക്കുന്നു; ബലാൽക്കാരം വസ്ത്രം പോലെ അവരെ ചുറ്റിയിരിക്കുന്നു.

07. അവരുടെ കണ്ണുകൾ പുഷ്ടികൊണ്ട് ഉന്തിനില്ക്കുന്നു, അവരുടെ ഹൃദയത്തിലെ നിരൂപണങ്ങൾ കവിഞ്ഞൊഴുകുന്നു.

08. അവർ പരിഹസിച്ചു ദുഷ്ടതയോടെ ഭീഷണി പറയുന്നു; ഉന്നതഭാവത്തോടെ സംസാരിക്കുന്നു.

09. അവർ വായ് ആകാശത്തോളം ഉയർത്തുന്നു; അവരുടെ നാവ് ഭൂമിയിൽ സഞ്ചരിക്കുന്നു.

10. അതുകൊണ്ടു അവർ തന്റെ ജനത്തെ ഇതിലേക്കു തിരിക്കുന്നു; അവർ ധാരാളം വെള്ളം വലിച്ചു കുടിക്കുന്നു.

# ലക്ഷ്യബോധമുള്ള വ്യക്തിയായി മാറുക!

## CHANGE AS GOAL ORIENTED PERSON!

ലക്ഷ്യബോധമുള്ള വ്യക്തിയുടെ അഭിലാഷമാണ് അവന്റെ ജീവനേക്കാൾ വലുത്

**പാസ്റ്റർ സാം സെൽവരാജ് മുഖ്യസഭയിൽ നൽകിയ സന്ദേശം**

ചില പ്രത്യേക ആഗ്രഹങ്ങളുമായി ജീവിക്കുന്ന ധാരാളം ആളുകൾ ഈ ലോകത്തിലുണ്ട്. ക്രിസ്ത്യാനികളായ നമുക്ക് ഓരോരുത്തർക്കും ഈ ലോക ജീവിതത്തിൽ അഭിലാഷങ്ങൾ ഉണ്ടായിരിക്കുന്നതു കൂടാതെ ആത്മീയ ജീവിതത്തിൽ ചില പ്രത്യേക അഭിലാഷങ്ങളും വേണം. വളരെ സവിശേഷമായ ജീവിതം നയിക്കുവാൻ ഒരാൾക്ക് ശക്തമായ ആത്മീയ അടിത്തറ ഉണ്ടായിരിക്കണം. ഒരു വ്യക്തിക്ക് ആത്മീയ അഭിലാഷം ഇല്ലെങ്കിൽ അയാൾക്ക്/അവൾക്ക് വിജയകരമായ ജീവിതം ചെയ്യാൻ കഴിയുകയില്ല.

ഒരു വ്യക്തിക്ക് തന്റെ ജീവിതത്തിൽ എന്തെങ്കിലും പ്രത്യേകത വേണമെന്നുണ്ടെങ്കിൽ അയാൾക്ക് സ്വതന്ത്രമായി ചിന്തിക്കാൻ കഴിയണം. ജീവിതത്തിൽ നല്ല ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ഉള്ളവർ കാലത്തിനനുസരിച്ച് സ്വയം മാറുന്നില്ല. അങ്ങനെയുള്ളവർ തങ്ങൾക്ക് ലഭിച്ച ആത്മീയ ദർശനത്തിൽ തന്നെ ഉറച്ചു നിൽക്കുന്നു. നാം വിശ്വസിക്കുന്ന കാര്യങ്ങളിൽ വ്യക്തത ഇല്ലെങ്കിൽ വിജയകരമായ ജീവിതം നയിക്കുവാൻ കഴിയുകയില്ല.

ദൃഢവിശ്വാസത്തിൽ നിന്നും മാറിക്കൊണ്ടിരിക്കുന്നവരെ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന പാമ്പുകൾക്കു സദൃശ്യം. ദൃഢവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവർക്കുമാത്രമേ നല്ല നേതാക്കളാകുവാനും മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുവാനും സാധിക്കുകയുള്ളു. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു (യാക്കോബ് 1:8).

### 1. കർത്താവിനെ സേവിക്കുന്നതിലും ആരാധിക്കുന്നതിലും അതിമോഹമുള്ള വ്യക്തികൾ!

യോശുവ 24:15 ൽ നാം ഇങ്ങനെ വായിക്കുന്നു: യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നെങ്കിൽ നദിക്കക്കരെ വെച്ചു നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തുവരുന്ന ദേശത്തിലെ അമോർയ്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും (യോശുവ 24:15).

3-ാം പേജിൽ തുടരും...

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

(ECHO GROUP)




## *from your dearly beloved brother...*



*Pr. Sam Selva Raj with daughter Angeline and son Alex*

**"...ഞാൻ നിന്നെ കൈവിടുകയില്ല ഉപേക്ഷിക്കയും ഇല്ല"**
**യോശുവ 1:5**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

കർത്താവിൽ പ്രീയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മാധുര്യമേറിയ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ അറിയിക്കുന്നു.

ദൈവത്തിന്റെ വചനം ലോകത്തെ അറിയിക്കുവാൻ ഞങ്ങൾക്കു നൽകിയ അനുഗ്രഹങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. ഞങ്ങളോടുള്ള നിങ്ങളുടെ സ്നേഹത്തിനും കരുതലിനും പിന്തുണയ്ക്കുമായി ഞങ്ങൾ നന്ദിയർപ്പിക്കുന്നു.

ഞങ്ങളുടെ കർത്താവിന്റെ കൃപയാൽ കോവിഡ് മൂലം ഞങ്ങൾ നിറുത്തിവച്ചിരുന്ന എല്ലാ പ്രവർത്തനങ്ങളും പുനരാരംഭിക്കുവാൻ സാധിച്ചു. ഞങ്ങളോടൊപ്പം പ്രവർത്തിക്കുവാനും ചെറിയ കുട്ടികളെ ഒരുക്കുവാനും കഴിവുള്ള നല്ല ഒരു കൂട്ടം വിദ്യാഭ്യാസ വിദഗ്ദരാൽ ഞങ്ങളുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ അനുഗ്രഹീതമാണ്. അതുപോലെ തന്നെ നമ്മുടെ നെഹെമ്യ ബൈബിൾ കോളേജ്, പ്രഗത്ഭരായ 15 വേദശാസ്ത്ര പണ്ഡിതന്മാരുടെ മേൽനോട്ടത്തിൽ റെഗുലർ, റസിഡെൻഷ്യൽ, കറസ്പോണ്ടൻസ് കോഴ്സുകളിലൂടെ അടുത്ത തലമുറയിലേക്ക് സുവിശേഷം എത്തിക്കുവാൻ യുവാക്കളെയും യുവതികളെയും പരിശീലിപ്പിക്കുകയും ചെയ്യുന്നു.




*Nehemiah Bible College*




*St. Paul's Matriculation School*

16 ഭാഷകളിലുള്ള **വിളിയുടെ പ്രതിധ്വനിയുടെ** അസ്സോസിയേറ്റ് എഡിറ്റർമാർ, സബ് അസ്സോസിയേറ്റ് എഡിറ്റർമാർ, അസിസ്റ്റന്റുമാർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന നാല്പതോളം വേദപുസ്തക പണ്ഡിതന്മാർക്കായി ദൈവത്തിനു നന്ദി പറയുന്നു. ഞങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സുവിശേഷ അച്ചടിശാല എന്നിവയിൽ അർപ്പണബോധമുള്ള ജീവനക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ വേല പൂർത്തീകരിക്കുവാനായി അനേകം ദൈവദാസന്മാരെ ആവശ്യമായിരിക്കുന്നു.



തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ഞായറാഴ്ചകളിൽ രാവിലെ 5.30 മുതൽ രാത്രി 8.00 വരെ ആറു ആരാധനകൾ മുഖ്യസഭയിൽ നടക്കുന്നുണ്ട്. മലയാളം ആരാധനയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അർപ്പണബോധമുള്ള



*Sunday Church Services*

CHIEF EDITOR
Angeline Selvakumari Henry, M.A., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
ADMINISTRATION
Bro. N. Prakasam, M.A., General Manager
EDITORIAL BOARD
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Rev. Dr. K.R. Rajasekaran
Dr. A. Richard Samuel, M.A., Ph.D.
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858
CORE LEADERS
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah
E.mail ID
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

ശുശ്രൂഷകരെ ആവശ്യ മായിരിക്കുന്നു. നമ്മുടെ ശാഖാ സഭയിലെ ആരാധനകളും അനുബന്ധ ശുശ്രൂഷകളും പാസ്റ്റർമാരുടെയും സഹായികളുടെയും സഹായത്തോടെ നന്നായി നടന്നുവരുന്നു.

എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്കുശേഷം മുഖ്യസഭയിൽനിന്നും ശുശ്രൂഷകന്മാർ ഞങ്ങളുടെ മിനി ബസ്സിൽ സഭകൾ സന്ദർശി ക്കുകയും കുട്ടികൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾ നടത്തുകയും ചെയ്യുന്നു. ഓഗസ്റ്റ് 31-ാം തിയതി നമ്മുടെ സഭകളിലും വേദ പഠനകോളേജിൽ നിന്നും സഭാനേതാക്കളിൽ നിന്നുമു ള്ള കൗമാര പ്രായത്തിലുള്ള വർക്കായി ധ്യാനയോഗം മൂന്നു ഭാഗമായി നടത്തപ്പെട്ടു. ബാം ഗ്ലൂരിൽ നിന്നുള്ള റവ. ഡോ. സണ്ണി പ്രസാദ് ഈ ധ്യാന യോഗങ്ങൾക്ക് നേതൃത്വം നൽകി. ബൈബിൾ കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക വേദപഠന ക്ലാസ്സുകൾ ഓഗസ്റ്റ് 15 മുതൽ 20 വരെ നടത്തുകയുണ്ടായി. ഗുജറാത്തിൽ നിന്നുള്ള റവ. നയൻ രഞ്ചൻ ബീരോ ഞങ്ങളോടൊപ്പം താമസിച്ച് ഈ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.



**Rev. Sam Selva Raj & Rev. Nayan Ranjan Beero**

ഇന്ത്യയിലും അയൽരാജ്യങ്ങളിലും ശുശ്രൂഷ ചെയ്യുന്ന സ്ത്രീ പുരുഷ ഭേദമെന്യെയുള്ള മിഷണറി പ്രവർത്തകർക്ക് നിങ്ങളുടെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു. നമ്മുടെ വിവിധ ശുശ്രൂഷകളിലൂ ടെ അനേകം ആത്മാക്കൾ എല്ലാ ദിവസവും കാൽവരി ക്രൂശിന്റെ സ്നേഹത്തിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു.

നിങ്ങൾക്കുവേണ്ടി ഞങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

*1-ാം പേജിന്റെ തുടർച്ച...*

ഇവിടെ ഒരു ചോദ്യം ഉയർന്നുവരുന്നു. "നി ങ്ങൾ ആരെ സേവിക്കും?" കർത്താവായ യേ ശുക്രിസ്തുവിനെ നാമെല്ലാവരും സേവിക്കു ന്നു എന്നത് സത്യമാണ്. പക്ഷെ നാം കർത്താ വായ യേശുക്രിസ്തുവിനെ മാത്രമാണോ സേ വിക്കുന്നത്?

യോശുവയുടെ പുസ്തകം 24-ാം അദ്ധ്യാ യം വായിക്കുമ്പോൾ അവൻ വലിയ വെല്ലു വിളി നേരിട്ടതായി വായിക്കുന്നു. ദൈവം യോ ശുവയോടു സംസാരിച്ചത്: "മിസ്രയീമിൽനി ന്നും യിസ്രായേൽ ജനതയെ ഞാൻ വിടുവി ച്ചുകൊണ്ടുവന്നു. ആദ്യം മുതൽ ഞാൻ അ വരെ അനുഗ്രഹിക്കുകയും എന്റെ നാമം അ വർക്കു നൽകുകയും ചെയ്തു. സഹായത്തി നായി അവൻ എന്നെ വിളിച്ചപ്പോൾ ഞാൻ അവരോടൊപ്പം ഉണ്ടായിരുന്നു, അവരെ താ ങ്ങി. ഞാൻ അവരെ എല്ലാ അന്ധകാരങ്ങളി ൽനിന്നും വിടുവിച്ചു, ഉണങ്ങിയ നിലത്തുകൂ ടി നടന്ന് ചെങ്കടൽ കടക്കുവാൻ അവരെ സഹായിച്ചു. മിസ്രയീം സൈന്യം അവരെ പി ന്തുടർന്നപ്പോൾ രക്ഷപ്പെടുവാൻ ഞാൻ വഴി യൊരുക്കി." യഹോവ യിസ്രായേൽ മക്കൾ ക്കു ചെയ്ത എല്ലാ നല്ല കാര്യങ്ങളും വിവരി ച്ചശേഷം യോശുവ ചോദിക്കുകയാണ്: "നി ങ്ങൾ ആരെ സേവിക്കും?"

കർത്താവിനെ സേവിക്കുവാനുള്ള ആഗ്ര ഹം നമുക്കുണ്ടായിരിക്കണം. കർത്താവിനെ സേവിക്കുവാനുള്ള തീരുമാനത്തിൽ നമുക്ക് ശക്തമായ ദർശനവും വെളിപ്പാടും ആവശ്യ മാണ്. രക്ഷിക്കപ്പെട്ടവരും സ്നാനം സ്വീകരി ച്ചവരും സാഹചര്യങ്ങൾക്കനുസരിച്ച് മാറി ക്കൊണ്ടിരിക്കുന്നത് ഇക്കാലത്ത് നാം കാണു ന്ന് സങ്കടമേറിയ കാര്യമാണ്. കർത്താവിനെ സേവിക്കാനുള്ള കാഴ്ചപ്പാടിൽ ശക്തരല്ലാത്ത തിനാൽ സാഹചര്യങ്ങൾ മാറുമ്പോൾ അവർ തെറ്റിപ്പോകുന്നു. **വെളിപ്പാടു ഇല്ലാത്തേടത്തു ജനം മര്യാദ വിട്ടു നടക്കുന്നു** (സദൃശ്യവാക്യ ങ്ങൾ 29:18).

**ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും** എന്ന് യോശുവ പറ യുന്നു. **അതിന്നു ജനം ഉത്തരം പറഞ്ഞതു: യഹോവയെ ഉപേക്ഷിച്ചു അന്യദൈവങ്ങളെ സേവിപ്പാൻ ഞങ്ങൾക്കു സംഗതി വരരുതേ** എന്നാണ്. നാം ഏറ്റവും കൂടുതൽ സ്നേഹി ക്കുന്ന വ്യക്തിയെ നാം ആരാധിക്കുന്നു. തന്റെ മക്കൾ തന്നെ മാത്രം ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ കാര്യത്തിൽ അവൻ തീക്ഷ്ണതയുള്ളവനാണ്. കാലത്തി ന്റെ മാറ്റത്തിനനുസരിച്ച് വിശ്വാസത്തെയും പ്രമാണങ്ങളെയും മാറ്റുന്നവരെ ദൈവത്തിന് ഇഷ്ടമല്ല. ആത്മീയമായ കാഴ്പ്പാടുള്ളവരെ യും അതിനനുസരിച്ച് ജീവിക്കുന്നവരെയും മാത്രമേ ദൈവം അനുഗ്രഹിക്കുകയുള്ളു. കർത്താവായ ദൈവത്തെ ആരാധിക്കാനും പിന്തുടരുവാനുമുള്ള അനുകൂല സാഹചര്യ ങ്ങൾ ഇല്ല എന്നു കരുതുന്നവരുമുണ്ട്. അ നേകർക്ക് യേശുക്രിസ്തുവിനെ ആരാധിക്ക ണമെന്നുണ്ടെങ്കിലും സമൂഹം അതിന് അവ രെ അനുവദിക്കുന്നില്ല. എന്നാൽ ദൈവം ത ന്റെ മക്കളെ ഒരിക്കലും കൈവിടുകയില്ല എ ന്നു ഞാൻ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. **കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും** (അപ്പൊസ്തലപ്രവൃത്തികൾ 16:31). കർത്താവായ യേശുക്രിസ്തുവിനെ ഒരു കു ടുംബത്തിലെ ഒരംഗം സ്വീകരിക്കുകയാണെ ങ്കിൽ അതിലൂടെ എല്ലാവരും രക്ഷിക്കപ്പെ ടുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു.

ക്രിസ്തുവിനെ യഥാർത്ഥമായി അനുഗ മിച്ചവരാരും തെറ്റിപ്പോയിട്ടില്ല. കർത്താവായ യേശുവിനെ അനുഗമിക്കുന്നവരാണ് ലോക ത്തിലെ മഹാന്മാരായ നേതാക്കൾ എന്നു നാം അറിയണം. ദൈവം ലോകത്തെ മുഴുവ നും ഭരിക്കുന്നു. എല്ലാ ഭൂഖണ്ഡങ്ങളിലുള്ള വരും യേശുക്രിസ്തു രക്ഷിതാവാണെന്നുള്ള അറിവിൽ ആയിരിക്കുന്നു. യോശുവയെപ്പോ ലെ നമുക്ക് ദൈവത്തെ സേവിക്കാം, കുടും ബത്തിലുള്ളവരെയും അതിനായി ഒരുക്കാം.

നിങ്ങൾ കർത്താവിനെ പരസ്യമായി ഏ റ്റു പറയാത്ത രഹസ്യ ക്രിസ്ത്യാനികൾ ആ ണെങ്കിൽ നിങ്ങളുടെ ജീവിതരീതി മാറ്റാൻ സമയം അതിക്രമിച്ചിരിക്കുന്നു. യേശു ഇങ്ങ നെ പറയുന്നു: **മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും** (മത്തായി 10:32).

നിങ്ങൾ എപ്പോഴും ഭീതിയോടെ ജീവി ക്കണമെന്ന് വേദപുസ്തകം പറയുന്നില്ല. ന മ്മുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിൽ എത്ത ണമെങ്കിൽ യേശുകർത്താവ് നമ്മുടെ ജീവി തത്തിൽ ചെയ്ത കാര്യങ്ങൾ പരസ്യമായി ഏറ്റുപറയണം. അതിനാൽ യേശുവിനുവേ ണ്ടി ധൈര്യത്തോടെ ജീവിക്കുവിൻ. കർത്താ

വ് വലിയ അത്ഭുതങ്ങളും അമാനുഷികമായ ഇടപെടലുകളും നടത്തിയ ചരിത്രപരമായ വേദപുസ്തക കഥാപാത്രമാണ് യോശുവ. കർത്താവിനു പ്രസാദകരമായ ജീവിതം നയിക്കുവാൻ അന്നത്തെ സമൂഹം മടി കാണിച്ചപ്പോൾ തന്റെ ആത്മീയ ചിന്തകളിൽ ഉറച്ചു നിന്ന് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിജയകരമായ ജീവിതം നയിച്ചവനാണ് യോശുവ. അതുപോലെ, അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ ജീവിക്കുകയാണെങ്കിലും നിങ്ങൾ കർത്താവിനുവേണ്ടി ജീവിക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ നിങ്ങൾക്കു വിജയകരമായി പുറത്തുവരുവാൻ സാധിക്കും.

## 2. ദൈവത്തിനും ദൈവസഭയ്ക്കും മുൻഗണന നൽകുന്ന അതിമോഹമുള്ള ആളുകൾ!

**മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും** (മത്തായി 6:33) എന്ന് വേദപുസ്തകം പറയുന്നു. നാം ഏറ്റവും ആദ്യം ദൈവരാജ്യം അന്വേഷിക്കണമെന്ന് യേശുക്രിസ്തു ആഗ്രഹിക്കുന്നു. പക്ഷെ ലൗകീകരായവർ പണമുണ്ടെങ്കിൽ സന്തോഷം ഉണ്ടാകുമെന്നു ചിന്തിച്ച് പണമുണ്ടാക്കാൻ പരക്കം പായുന്നു. പക്ഷെ വേദപുസ്തകം മറിച്ചാണ് പറയുന്നത്. നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള വഴികൾ അന്വേഷിക്കുകയാണെങ്കിൽ ഈ ലോകത്തിൽ ജീവിക്കുവാൻ ആവശ്യമായ എല്ലാ നന്മകളും തേടിവരും. ലോകത്തിന്റെ നന്മകൾക്കുവേണ്ടി ഓടുന്നവരെ "അല്പവിശ്വാസികളേ" (മത്തായി 6:30) എന്നാണ് സംബോധന ചെയ്തിരിക്കുന്നത്. പൊതുവെ, നാം വിഷമിക്കേണ്ട വിഷയത്തെക്കുറിച്ച് നാം വിഷമിക്കാറില്ല. പകരം പ്രാധാന്യമില്ലാത്തവയെക്കുറിച്ച് വിഷമിക്കുന്നു. നമ്മുടെ ആഹാരം, വസ്ത്രം, മറ്റു ലൗകീക കാര്യങ്ങൾ എന്നിവയെക്കുറിച്ച് വിഷമിക്കേണ്ടതില്ലെന്ന് യേശു നമ്മോടു പറയുന്നു. കാട്ടുപൂക്കളെ മനോഹരമായി വിരിയിക്കുവാനും കാട്ടിലെ പക്ഷികൾക്കും മൃഗങ്ങൾക്കും വേണ്ടി കരുതുവാനും ദൈവത്തിനു കഴിയുമെങ്കിൽ നിനക്കും എനിക്കും വേണ്ടി കരുതുവാൻ അവനു കഴിയുകയില്ലയോ? യോശുവയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു ചോദ്യം നമ്മുടെ മുമ്പിൽ കടന്നുവരുന്നു, **നിങ്ങൾ എന്തിനെക്കുറിച്ചാണ് വിഷമിക്കുന്നത്?**

ഉത്തരം ഇതാണ്, "ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിനെക്കുറിച്ച് നാം വിഷമിക്കണം." പക്ഷെ ഇന്നത്തെ ക്രിസ്ത്യാനികൾ ലൗകീക കാര്യങ്ങൾക്ക് മുഖ്യസ്ഥാനം നൽകിയിരിക്കുന്നു. ദൈവീക കാര്യങ്ങളും ദൈവരാജ്യവുമൊക്കെ അവർക്കു രണ്ടാമതാണ്. പക്ഷെ, തോൽവിയിലേക്കുള്ള പ്രയാണം ആരംഭിച്ചു എന്നതാണ് അവർ മനസ്സിലാക്കേണ്ട കാര്യം.

പ്രീയ സഹോദരീ സഹോദരന്മാരേ, നിങ്ങൾ വിഷാദത്തിലായിരിക്കുന്നുവോ? തോറ്റുപോയി എന്നു തോന്നുന്നുണ്ടോ? നിങ്ങളുടെ എല്ലാ കുടുംബാംഗങ്ങളും ഒരുമിച്ച് യേശുക്രിസ്തുവിനോട് പ്രാർത്ഥിക്കുകയാണെങ്കിൽ അവൻ നിങ്ങളുടെ ഭാരങ്ങളും ആകുലതകളും നീക്കുകയും, നിങ്ങളുടെ കടഭാരങ്ങൾ മാറ്റുകയും, നിങ്ങളുടെ കുടുംബത്തെയും കുഞ്ഞുങ്ങളെയും അനുഗ്രഹിക്കുകയും, നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് നല്ല ഭാവി നൽകി അനുഗ്രഹിക്കുകയും ചെയ്യും.

നിങ്ങളുടെ ചെറുപ്പകാലത്തുതന്നെ യേശുവിനെ പിന്തുടരുവാനുള്ള തീരുമാനമെടുത്ത്, അങ്ങനെ ജീവിക്കുകയാണെങ്കിൽ, നിങ്ങൾ എത്ര വിജയകരമായ ജീവിതമാണ് നയിച്ചതെന്ന് പ്രായമാകുമ്പോൾ തിരിഞ്ഞു നോക്കുവാൻ സാധിക്കും. **നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും** (സങ്കീർത്തനങ്ങൾ 128:3) എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. മറ്റുള്ളവർ നിങ്ങളെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനു പകരം, നിങ്ങളുടെ അനുഗ്രഹത്തിന്റെ ഉറവിടം ദൈവമായിരിക്കും. ഇങ്ങനെയുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ദൈവരാജ്യം അന്വേഷിക്കുവാൻ പരിശ്രമിക്കുവിൻ.

ദൈവത്തിനായുള്ള നിങ്ങളുടെ സേവനം ചാഞ്ഞുപോകാത്തതും ബാഹ്യപ്രേരണകൾ ഇല്ലാത്തതുമായിരിക്കണം. ലൗകീകാനുഗ്രഹങ്ങൾ മോഹിക്കാതെ പ്രവർത്തിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിൽനിന്നും ദൈവം നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ ശുശ്രൂഷ വലുതാണെങ്കിലും ചെറുതാണെങ്കിലും, സന്തോഷത്തോടെ അതു സ്വീകരിച്ച് പൂർണ്ണഹൃദയത്തോടെ വേല ചെയ്വിൻ. അതു നിങ്ങൾക്ക് പൂർണ്ണമായ അനുഗ്രഹങ്ങൾ നൽകും. ദൈവം തന്റെ സമയോജിതമായ സഹായം നിങ്ങൾക്ക് നൽകും. രോഗങ്ങളും ദുഃഖങ്ങളും നിറഞ്ഞ ഈ ലോകത്ത് അവൻ നിങ്ങളെ ആശ്വസിപ്പിക്കും. നിങ്ങളുടെ ജീവിതാവസാനം വരെ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ അവൻ കഴിവുള്ളവനാണ്. ദൈവകരങ്ങളിൽനിന്നും ലഭിക്കുന്ന അ

*06-ാം പേജിൽ തുടരും...*


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

ECHO OF HIS CALL 1969-2019 (ECHO GROUP)

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

*सदस्यता के लिए पंजीकृत उम्मीदवार* - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल

योग्यता 10 वी या अधिक
जल्दी करें!

**Contact : The Chairman, Nehemiah Bible College.**
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഒക്ടോബർ 19** : സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ ദൈവം കൃപ ചെയ്തു.

**ഒക്ടോബർ 20** : ഞങ്ങളുടെ മുഖ്യ, ശാഖാ സഭകളിലും പുതിയ വിശ്വാസികളെ നൽകിയതിനായി.

**ഒക്ടോബർ 21** : മുഖ്യസഭയിലെ പുരുഷന്മാരുടെ യോഗം അനുഗ്രഹപ്രദമായതിനായി.

**ഒക്ടോബർ 22** : 16 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസിക സുവിശേഷ അച്ചടിശാലയിൽ അച്ചടിക്കുവാനും വിതരണം ചെയ്യുവാനും സഹായിച്ചതിനായി.

**ഒക്ടോബർ 23** : ഞങ്ങളുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകൾ എന്നിവക്കായി.

**ഒക്ടോബർ 24** : മുഖ്യസഭയിലെ സ്ത്രീജന കൂട്ടായ്മക്കായി.

**ഒക്ടോബർ 25** : വേദശാസ്ത്ര സെമിനാറുകൾ തുടർച്ചയായി നടത്താൻ സഹായിച്ചതിനായി.

**ഒക്ടോബർ 26** : 1969 മുതൽ മാസിക ശുശ്രൂഷയിൽ ഞങ്ങളുടെ പ്രതിബദ്ധതയെ അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ27** : ഞങ്ങളുടെ ജീവനക്കാരുടെ കുടുംബാംഗങ്ങളെ ദൈവം അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 28** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**ഒക്ടോബർ 29** : വിളിയുടെ പ്രതിധ്വനി 54-ാം വർഷത്തിൽ പ്രവേശിക്കുവാൻ ദൈവം സഹായിച്ചതിനായി.

**ഒക്ടോബർ 30** : 54-ാം വർഷത്തിൽ പ്രവേശിക്കുന്നതിന്റെ നന്ദിയായി സംഘടിപ്പിച്ചിരിക്കുന്ന കൺവെൻഷനായി.

**ഒക്ടോബർ 31** : മറ്റു ശുശ്രൂഷകളെ സഹായിക്കാൻ കഴിഞ്ഞതിനായി.

**നവംബർ 01** : കഴിഞ്ഞ മാസത്തെ സാമ്പത്തികവും ആത്മീകവുമായ എല്ലാ ആവശ്യങ്ങളും നിറവേറ്റിയതിനായി.

**നവംബർ 02** : വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ കഴിഞ്ഞ മാസത്തെ എല്ലാ പ്രവർത്തനങ്ങൾക്കായി.

**നവംബർ 03** : പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**നവംബർ 04** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**നവംബർ 05** : ഞങ്ങളുടെ പങ്കാളികൾക്കും കുടുംബാംഗങ്ങൾക്കുമായി.

**നവംബർ 06** : അസുഖത്തോടെയായിരിക്കുന്ന സിസ്റ്റർ ജെസ്സി വീണ സാമിന്റെയും ബ്ര. സാം സെൽവരാജിന്റെയും ശാരീരികസൗഖ്യത്തിനായി.

**നവംബർ 07** : ബ്ര. സാം സെൽവരാജിന്റെ ജീവചരിത്ര രചനയിലുള്ള പുരോഗതിക്കായി.

**നവംബർ 08** : എല്ലാ ക്രിസ്തീയ സംഘടനകൾക്കും മിഷണറിമാർക്കുമായി.

**നവംബർ 09** : ലോക രാജ്യങ്ങളിൽ നിന്ന് കൊറോണ വൈറസ് തുടച്ചു മാറ്റപ്പെടുവാൻ.

**നവംബർ 10** : ലോകം മുഴുവനുമുള്ള സമാധാനത്തിനായി.

**നവംബർ 11** : സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാകുവാൻ.

**നവംബർ 12** : വിളിയുടെ പ്രതിധ്വനിയുടെ ഈ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**നവംബർ 13** : ക്രിസ്തീയ സംഘടനകളുടെയും സഭകളുടെയും അനുഗ്രഹത്തിനും സംരക്ഷണയ്ക്കുമായി.

**നവംബർ 14** : നമ്മുടെ രാജ്യത്തിന്റെ എല്ലാ മേഖലയിലുമുള്ള ഐക്യത്തിനും പുരോഗതിക്കുമായി.

**നവംബർ 15** : എല്ലാ വിശ്വാസികളുടെയും ഹൃദയക്കണ്ണ് പ്രകാശിക്കുവാൻ.

**നവംബർ 16** : നെഹെമ്യ ബൈബിൾ കോളേജിനും വിദ്യാർത്ഥികൾക്കും അവരുടെ പഠനത്തിനുമായി.

**നവംബർ 17** : ഈ വർഷം സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**നവംബർ 18** : സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെയും കുടുംബാംഗങ്ങളുടെയും സംരക്ഷണത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

നുഗ്രഹങ്ങൾ പൂർണ്ണതയുള്ളതും അതിവിശിഷ്ടമായതും ആരോഗ്യപ്രദവും ആണ്. മേൽ പറഞ്ഞ എല്ലാ അനുഗ്രഹങ്ങളും സ്വായത്തമാക്കുവാൻ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുവാനുള്ള അഭിലാഷം നമുക്ക് ഉണ്ടാകണം.

## ആലയത്തിൽ ഒന്നിച്ചുകൂടുവിൻ

ഇക്കാലത്ത് വലിയൊരു വിഭാഗം ക്രിസ്ത്യാനികൾ ദേവാലയത്തിൽ ഞായറാഴ്ച കൂടിവന്ന് ദൈവത്തെ ആരാധിക്കുന്നതിൽ വിമുഖത കാണിക്കുന്നു. അങ്ങനെ ദൈവം തങ്ങൾക്കു നൽകിയ സ്വന്തം ആലയങ്ങളുമായി ഒരു ബന്ധവും ഇല്ലെന്ന് അവർ തെളിയിക്കുന്നു. ദൈവദാസന്മാർ എന്നു വിളിക്കപ്പെടുന്നവർ, ടെലിവിഷൻ, യുട്യൂബ് എന്നീ സാമൂഹിക മാദ്ധ്യമങ്ങൾ എന്നിവയിൽ അവർ തെറ്റായി ആകർഷിക്കപ്പെട്ട് സഭകളെയും അവർക്ക് ദാനമായി ദൈവം നൽകിയ പാസ്റ്റർമാരെയും അവഗണിക്കുന്നു. ഇത് അത്യന്തം അപകടകരമാണ്.

1. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയും ദൈവത്തിന്റെ സഹായത്തോടെ നല്ലൊരു പാസ്റ്ററെയും സഭയെയും കണ്ടെത്തണം.

2. അവർ ആ പാസ്റ്ററുമായി അടുത്ത് ഇടപഴകുകയും സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടുകയും വേണം.

3. അവർ എല്ലാ കാര്യങ്ങളിലും പാസ്റ്ററെ അനുസരിക്കുകയും സഭയിൽ പൂർണ്ണഹൃദയത്തോടെ അദ്ദേഹവുമായി സഹകരിക്കുകയും കർത്താവ് നയിക്കുന്നതുപോലെ അവനെ സേവിക്കുകയും വേണം.

**ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിന്നും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു** (എബ്രായർ 10:25). **യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും** (സങ്കീർത്തനങ്ങൾ 92:13).

## ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്ന തീവ്രമായ ആഗ്രഹം ഉള്ളവർ

യേശുക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. പലരും പല പ്രതീക്ഷകളോടെ അവനെ പിന്തുടർന്നു. അവന് നിരവധി കടമകൾ നിർവ്വഹിക്കാനുണ്ടായിരുന്നു, അതുപോലെ വലിയ പ്രതീക്ഷകളും ഉണ്ടായിരുന്നു. പക്ഷെ അവനെ ഭൂമിയിലേക്ക് ദൈവം അയച്ചതിന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ അവൻ ശ്രദ്ധാലുവായിരുന്നു. **എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം** (യോഹന്നാൻ 4:34).

ഈ ലോകത്തിൽ തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനു യേശുക്രിസ്തുവിന് അനേകം എതിർപ്പുകളും തടസ്സങ്ങളും നേരിടേണ്ടതായി വന്നു. അവന്റെ കാലത്തെ ജനങ്ങൾ അവനെ വിശ്വസിച്ചില്ല (മത്തായി 13:58). അവൻ മശിഹയായി അംഗീകരിക്കപ്പെട്ടില്ല (യോഹന്നാൻ 1:11). അവർ അവനെ എതിർത്തു (മത്തായി 8:34). ആശാരിയുടെ മകൻ എന്ന് അവനെ കളിയാക്കി വിളിച്ചു (മത്തായി 13:55). അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് അവനെ വേദനിപ്പിച്ചു (യോഹന്നാൻ 8:6). അവനെ ചമ്മട്ടിയാൽ അടിച്ചു (മത്തായി 27:26). അവന്റെ മുഖത്തു തുപ്പി (മർക്കൊസ് 15:19). അവർ അവനെ കുരിശിൽ തറെച്ചു കൊന്നു (മർക്കൊസ് 15:24).

ഈ കയ്പേറിയ അനുഭവങ്ങൾക്കിടയിലും യേശു ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശ്യം നഷ്ടപ്പെടുത്തിയില്ല. തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതായിരുന്നു അവന്റെ അഭിലാഷം. നാമും അവനെപ്പോലെ തിരിഞ്ഞുവരണം.

പ്രീയ ദൈവമക്കളേ, നിങ്ങളുടെ ജീവിതത്തിന്റെ അഭിലാഷം എന്താണ്? ഈ നിമിഷം മുതൽ കർത്താവിനെ മാത്രം പ്രസാദിപ്പിക്കുവാൻ നിങ്ങൾ തീരുമാനിക്കണം. ദൈവത്തിന്റെ പദ്ധതി നിറവേറ്റുവാനുള്ള ആഗ്രഹത്തിൽ നിങ്ങൾ ശക്തരാണെങ്കിൽ നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും.

## തങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുന്ന അതിമോഹമുള്ള വ്യക്തികൾ

**ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു** (യോഹന്നാൻ 17:4). യേശുക്രിസ്തു ഇപ്രകാരം പ്രാർത്ഥിച്ചതിനെ കുറിച്ച് നാം മനസ്സിലാക്കുമ്പോൾ ദൈവം നമുക്കു തന്ന പ്രവൃത്തി പൂർത്തിയാക്കുവാനുള്ള ഉത്തരവാദിത്വം നമുക്കും ഉണ്ടായിരിക്കണമെന്ന് നാം മനസ്സിലാക്കുന്നു. അപ്പൊസ്തലനായ പൗലൊസ് പറയുന്നു: **ഇപ്പോൾ ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരൂശലേമിലേക്ക് പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം**

09-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്
ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA
Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL
കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം
വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

**പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ള ഒന്നും ഞാൻ അറിയുന്നില്ല. എങ്കിലും എന്റെ പ്രാണനെ വിലയേറിയതായി ഞാൻ കാണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടുന്നതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളു** (അപ്പൊസ്തല പ്രവൃത്തികൾ 20:22-24).

കർത്താവായ യേശുക്രിസ്തുവിൽനിന്നു തനിക്കു ലഭിച്ച ശുശ്രൂഷ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു. യേശുക്രിസ്തു ഭൂമിയിലുണ്ടായിരുന്നപ്പോൾ ചെയ്ത ശുശ്രൂഷ പൂർത്തിയാക്കാനുള്ള പൗലൊസിന്റെ ആഗ്രഹം ശ്രദ്ധേയമാണ്.

അതേ ശുശ്രൂഷ തന്നെ നമ്മുടെ കരങ്ങളിലും ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു. എന്തെങ്കിലും ആവശ്യമില്ലാതെ ദൈവം ആരെയും വിളിക്കയില്ല. അന്ധകാരത്തിൽനിന്ന് ഒരാളെ ദൈവം വിടുവിച്ച് തന്റെ മക്കളാക്കി തീർക്കുമ്പോൾ ആ ദൗത്യം പൂർത്തിയാക്കുവാനുള്ള പ്രത്യേക ജോലിയും ഉത്തരവാദിത്വവും നൽകുന്നു. ദൈവം അവനു നൽകിയ ജോലി ഉത്തരവാദിത്വത്തോടെ അവന്റെ ജീവിതാവസാനം വരെ ചെയ്യേണ്ടതാണ്. ഇക്കാലത്ത് വലിയ പദ്ധതികൾ അനേകർ ചെയ്തു തുടങ്ങുന്നു. എന്നാൽ അതിൽ ചില തടസ്സങ്ങൾ നേരിടുമ്പോൾ അവർ തങ്ങളുടെ പദ്ധതിയും ലക്ഷ്യവും ഉപേക്ഷിക്കുന്നു. ഒന്നുകിൽ അത് ഉപേക്ഷിക്കുന്നു അല്ലെങ്കിൽ മറ്റേതെങ്കിലും ദിശയിലേക്ക് തിരിയുന്നു. ഒടുവിൽ അവർ വലിയ പരാജയം ഏറ്റുവാങ്ങുന്നു. നിങ്ങൾക്ക് ഒരു ദർശനം ഉണ്ടെങ്കിൽ നിങ്ങൾ അതിൽ ഉറച്ചു നിൽക്കണം, നിങ്ങളുടെ സ്വന്തം ജീവിതത്തെക്കാളും മുകളിലായി.

എന്താണ് ബ്ര. സാം സെൽവരാജിന് ഇപ്പോൾ സംഭവിച്ചത് എന്ന്, ഇപ്പോൾ ഈ കാര്യങ്ങൾ ഞാൻ പ്രസംഗിക്കുമ്പോൾ നിങ്ങൾ വിചാരിച്ചേക്കാം. എന്നാൽ കഴിഞ്ഞ 54 വർഷമായി എന്റെ കാഴ്ചപ്പാടും അഭിലാഷവും നിറവേറ്റാൻ ഞാൻ മുടക്കിയ ചെലവും നിക്ഷേപവും അവർക്ക് അറിയില്ല. ശാ

*09-ാം പേജിൽ തുടരും...*

## അത്യാവശ്യ വാർത്ത

### മൊബൈൽ ഫോൺ സന്ദേശങ്ങൾ

**ഞങ്ങളുടെ സ്നേഹിതന്മാരിൽ നിന്നും വചനങ്ങളും പടങ്ങളും ഓരോ ദിവസവും ഞങ്ങളുടെ മൊബൈൽ ഫോണിൽ വരാറുണ്ട്. സത്യം പറഞ്ഞാൽ ഇതെല്ലാം നോക്കാനുള്ള സമയം ലഭിക്കാറില്ല. അതെല്ലാം ഫോണിൽ നിന്നും കളയുക മാത്രമാണ് ഞങ്ങൾക്കു ചെയ്യാൻ കഴിയുന്നത്. അതിനാൽ വചനങ്ങളും പടങ്ങളും ഞങ്ങളുടെ ഫോണിലേക്ക് അയയ്ക്കരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. തുടർന്നും പ്രത്യേക സന്ദേശങ്ങളും പ്രാർത്ഥനാ വിഷയങ്ങളും ഞങ്ങൾക്ക് അയച്ചുതരാൻ ഞങ്ങൾ താല്പര്യപൂർവ്വം ആവശ്യപ്പെടുന്നു. ഞങ്ങളെ മനസ്സിലാക്കിയതിന് നന്ദിയർപ്പിക്കുന്നു.**

**പാസ്റ്റർ. എസ്. സാം സെൽവരാജ്**

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## പ്രസിദ്ധീകരണങ്ങളോടുള്ള എന്റെ കാഴ്ചപ്പാടിന്റെ പുരോഗതി



Dr. N. Jeevanandam



Rev. S. Devadasan

സ്കൂളിൽ പഠിക്കുന്ന സമയത്തു തന്നെ എനിക്ക് വായിക്കുവാൻ വലിയ ഇഷ്ടം ആയിരുന്നു. ഡോ. എൻ ജീവാനന്ദന്റെ മകിഴ്ചി, റവ. എസ്. ദേവദാസന്റെ ഹെറാൾഡ് ഓഫ് ഹിസ് കമിംഗ് എന്നീ പ്രസിദ്ധമായ മാസികകൾ എന്നെ ഉത്തേജിപ്പിക്കുന്നതും എന്റെ മുന്നോട്ടു നയിക്കുന്നതുമായിരുന്നു. കർത്താവിൽനിന്നും സ്വർഗ്ഗത്തെയും ഭൂമിയെയും കുറിച്ച് എനിക്കു ലഭിച്ച അനുഗ്രഹങ്ങൾ അച്ചടിയിലൂടെ പുറത്തു കൊണ്ടുവരുവാനുള്ള ആഴമേറിയ ആഗ്രഹം എനിക്കുണ്ടായി. പക്ഷെ ഇതിനാവശ്യമായ ലേഖനസാമഗ്രികൾക്കുള്ള പണം എന്റെ കൈയ്യിൽ ഇല്ലായിരുന്നു.



Registered with the Registrar of News Paper
For India under R.N.I. 11967/'57

வருகை யின் தூதன்

These who turn the world upside down. Acts 17:6.

Vol. 68



അതിനാൽ എനിക്കു ലഭിച്ച പ്രബോധനവും വെളിപ്പാടുകളും ചെറിയ കഷണം പേപ്പറുകളിൽ കുറിച്ചുവയ്ക്കുവാനും, ഈ പേപ്പർ കഷണങ്ങളിൽ കൈവച്ച് എന്റെ മുന്നോട്ടുള്ള പ്രയാണത്തിനുള്ള മാർഗ്ഗനിർദ്ദേശത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. കുറിച്ചുവയ്ക്കുന്ന പേപ്പർ കഷണങ്ങൾ എന്റെ മുറിയിൽ കുന്നു കൂടാൻ തുടങ്ങിയപ്പോൾ ഞാൻ വ്യാകുലപ്പെടുവാൻ തുടങ്ങി. എനിക്കു ലഭിച്ച പോക്കറ്റ് മണി ഉപയോഗിച്ച് വസ്ത്രങ്ങൾ വാങ്ങാതെ പേപ്പറും പേനയും മഷിയും വാങ്ങി ദൈവത്തിൽനിന്നും ലഭിക്കുന്ന സന്ദേശങ്ങൾ കുറിച്ചു വച്ച് വിതരണം ചെയ്യാൻ തുടങ്ങി.

ഈ സന്ദേശങ്ങൾ എന്റെ സ്നേഹിതർക്കും പരിചയക്കാർക്കും എഴുതി വിതരണം ചെയ്തപ്പോൾ അതിന് നല്ല പ്രതികരണം ഉണ്ടായി. ചില മാസങ്ങൾക്കുശേഷം ഈ സന്ദേശങ്ങൾ ടൈപ്പ് ചെയ്ത് സൈക്ലോസ്റ്റൈൽ മെഷീനിലൂടെ പകർപ്പെടുത്ത് തലയിലും ചുമലിലും ചുമന്ന് വിതരണം ചെയ്യാൻ തുടങ്ങി. കുറച്ചു കാലങ്ങൾക്കുശേഷം ഈ സന്ദേശങ്ങൾ പണം കൊടുത്തു അനേകം പ്രതികൾ അച്ചടിച്ചു വിതരണം ചെയ്തു തുടങ്ങി. ഇതായിരുന്നു എന്റെ അച്ചടി ശുശ്രൂഷയുടെ ആരംഭം. അക്രൈസ്തവനായ എന്റെ സുഹൃത്ത് ശ്രീ. എം. മനുസാമി എന്റെ അച്ചടി ശുശ്രൂഷയ്ക്കുവേണ്ടി നിർലോഭം സഹായിച്ചു. അച്ചടിച്ച പേപ്പറുകൾ മടക്കി ബുക്കു പോലെയാക്കുന്നത് ഞാൻ തന്നെ ചെയ്യുമായിരുന്നു.




Mr. M. Munusami

രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിച്ചിരുന്നത് മാറി തമിഴ്, ഇംഗ്ലീഷ് എന്നീ രണ്ടു ഭാഷകളിലെ പത്രമാസികയായിട്ടാണ് **വിളിയുടെ പ്രതിധ്വനി** ആദ്യം ആരംഭിച്ചത്. പിന്നീട് ഇംഗ്ലീഷിലും തമിഴിലും പ്രത്യേകം രജിസ്ട്രേഷനുള്ള രണ്ട് മാസികയായി മാറി. ഇപ്പോൾ തമിഴ്, ഇംഗ്ലീഷ്, സിൻഹള, മലയാളം, ആഫ്രിക്കൻസ്, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ആസ്സാമീസ്, ബെംഗാളി, ഉർദു, നേപ്പാളി, ഗുജറാത്തി, ഒറിയ, പഞ്ചാബി എന്നീ ഭാഷകളിലാണ് പ്രസിദ്ധീകരിക്കുന്നത്. **വിളിയുടെ പ്രതിധ്വനി** എന്ന മാസിക മാത്രമാണ് സാർവ്വലൗകികമായി 16 ഭാഷകളിൽ രജിസ്റ്റർ ചെയ്ത വാർത്താമാസികയായി പ്രസിദ്ധീകരിക്കുന്നത്. ഈ മാസികയെല്ലാം ഓരോന്നോരോന്നായി പ്രത്യേകമായി തന്നെ ഇന്ത്യ ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു. ആദ്യമൊക്കെ ഞാൻ ഈ മാസികകൾ സൈക്കിളിൽ വച്ചു കെട്ടി കൊണ്ടുപോകുമായിരുന്നു. പിന്നീട് ദൈവം എനിക്ക് ഒരു മോട്ടോർ സൈക്കിൾ തന്നു. ദൂരയാത്രകളിൽ ഞാനും മകൾ ഏഞ്ചലിൻ സെൽവകുമാരിയുമായി ഈ മാസികകൾ കൊണ്ടുപോകുമായിരുന്നു. പുതുതായി **വിളിയുടെ പ്രതിധ്വനി** മാസിക സിന്ധി, കൊങ്കണി, മണിപൂരി എന്നീ ഭാഷകളിൽ പ്രസിദ്ധീ




*Echo of His Call Magazines in 16 languages*



*Pr. Sam with his daughter Angeline carried magazines for distribution*

കരിക്കുവാൻ ആഗ്രഹിച്ച് പ്രവർത്തിക്കുന്നു. എങ്കിലും ഇതിനു വേണ്ട ജീവനക്കാർ ലഭിക്കാത്തതിനാൽ എന്റെ പദ്ധതി നിറവേറ്റുവാൻ താമസം നേരിടുന്നു.

തമിഴിലും ഇംഗ്ലീഷിലും ഞാൻ ലേഖനങ്ങൾ എഴുതുമ്പോൾ, അത് തടസ്സം കൂടാതെ, സമയത്തു തന്നെ മാസികയായി പുറത്തിറക്കാൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന അസ്സോസിയേറ്റ് എഡിറ്റർമാർ, വിവർത്തകർ, ജീവനക്കാർ തുടങ്ങിയവർക്കായി ദൈവത്തിനു നന്ദിയർപ്പിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനക്കായി അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

സിസ്റ്റർ. സെറീന ബെവിൻ, റവ. ഡോ. കെ. ആർ. രാജശേഖരൻ, ഡോ. എ. റിച്ചാർഡ് സാമുവൽ, റവ. സ്റ്റീഫൻ ജോസഫ്, ബ്ര. ജയരത്ന ഡെ സോയ്സ, സിസ്റ്റർ. മഞ്ജുള വീരബാഹു, സിസ്റ്റർ. രേണുക രാജപക്ഷ, ഇവാ. ബഞ്ചമിൻ മോസസ്, ബ്ര. മോഹൻകുമാർ, ഡോ. മാർജി നെൽസൻ, ബ്ര. എൻ. മോഹൻ ബാബു, സിസ്റ്റർ. ഡൊറോത്തി എസ്. തോമസ്, റവ. ആർ. രാമകൃഷ്ണ, റവ. ശശി തിവാരി, പാസ്റ്റർ. ജോഷ്വ രാജ്, സിസ്റ്റർ. ബൊർണാലി താപാ രാജ്, റവ. ഡോ. അഞ്ജൻ കുമാർ സിംഗ്, ബ്ര. ഇന്ദ്രജിത് റോയി, പാസ്റ്റർ. ശിവീന്ദർ കുമാർ, ബ്ര. ഭുവൻ ദേവ്കോട്ട, ബ്ര. രാജ്കുമാർ ഭണ്ഡാരി, ബ്ര. പങ്കജ് സി. വാടിയ, സിസ്റ്റർ. സുറമ സാമുവേൽ, ബ്ര. ആഷിഷ് രമേഷ് ബാൾധാരി, ബ്ര. എൻ. പ്രകാശം, സിസ്റ്റർ. ഗീത ഗുരുസ്വാമി, സിസ്റ്റർ. ഇ. ഡെയ്സി റാണി, സിസ്റ്റർ. എസ്. തിരുമഗൾ, ബ്ര. ജോൺ റോഡ്രിഗ്സ്, ബ്ര. സി. അന്തോണി രാജ്, ബ്ര. സി. ജെ. ജോസഫ്, സിസ്റ്റർ. ഇ. വിശാലാക്ഷി, ബ്ര. എം. മണി, ബ്ര. കെ. ഇന്ദ്രേഷ് കുമാർ, ബ്ര. എൽ. മോഹൻ, ബ്ര. ആർ. ഇമ്മാനുവൽ പോൾ, ബ്ര. ആർ. വിജയ്. ഇത് എന്റെ കണ്ണിൽ ആശ്ചര്യമായിരിക്കുന്നു. **ഇതു യഹോവയാൽ സംഭവിച്ചു; നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യം ആയിരിക്കുന്നു** (സങ്കീർത്തനങ്ങൾ 118:23).

**അവൻ ദരിദ്രനെ പൊടിയിൽനിന്നു നിവർത്തുന്നു; അഗതിയെ കുപ്പയിൽനിന്നു ഉയർത്തുന്നു** (1ശമൂവേൽ 2:8).

---

*... 7-ാം പേജിന്റെ തുടർച്ച*

രീതികവും സാമ്പത്തികവുമായ ബലഹീനതകൾ കാരണം അനേകം അവസരങ്ങളിൽ ഞാൻ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിച്ചു. പലപ്പോഴും എന്റെ അടുത്ത ബന്ധുക്കളും വിശ്വസ്ത സുഹൃത്തുക്കളും എനിക്ക് വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഇപ്പോഴും അങ്ങനെയുള്ള ചില ശക്തികൾ ദിനം തോറും എന്നെ നിരുത്സാഹപ്പെടുത്തുകയും ദൈവം എനിക്കു തന്ന കാഴ്ചപ്പാടും, അതു നിറവേറ്റുവാനുള്ള എന്റെ പ്രയാണത്തിനും തടസ്സം സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, എന്നെ **ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു** (ഫിലിപ്പിയർ 4:13) എന്നത് എന്റെ ശക്തമായ വിശ്വാസമാണ്. **ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാനറിയുന്നു** (2 തിമൊഥെയോസ് 1:12). ഇയ്യോബിനോടൊപ്പം ഞാൻ ഏറ്റുപറയുന്നത്: **അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നേ കാത്തിരിക്കും** (ഇയ്യോബ് 13:15). ഈ ബോധ്യം ഉള്ളതിനാൽ ഞാൻ ശക്തനാണ്. പ്രീയ വായനക്കാരാ, കർത്താവിനെ സേവിക്കാൻ അഭിലാഷമുള്ള ഒരു മനുഷ്യനാകുവാൻ നിങ്ങൾക്ക് കഴിയുമോ?

യെരുശലേമിൽ തന്നെ കാത്തിരിക്കുന്നത് ചങ്ങലകളും കഷ്ടതകളും ആണെന്നറിഞ്ഞിട്ടും ദൈവത്തിൽ നിന്നും ലഭിച്ച വിളിയിൽനിന്നും അവൻ പിന്മാറിയില്ല. അവൻ തിമൊഥെയോസിന് ഇങ്ങനെ എഴുതി: **ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു** (2 തിമൊഥെയോസ് 4:7). ഓട്ടക്കളത്തിൽ ഓടുവാനായി ദൈവം നമുക്കു നൽകിയ കഴിവുകളും സമ്മാനങ്ങളുമായി മുന്നോട്ടിറങ്ങുവാൻ ദൈവം കല്പിക്കുന്നു. "എനിക്കായി നിശ്ചയിച്ച ഓട്ടം ഞാൻ സന്തോഷത്തോടെ പൂർത്തിയാക്കി" എന്നു പറയാൻ കഴിയുന്ന വ്യക്തികളായി രൂപാന്തരപ്പെടുവാൻ പ്രതിജ്ഞയെടുക്കുവിൻ.

## സ്വർഗ്ഗം ലക്ഷ്യമാക്കുന്ന തീവ്രമായ ആഗ്രഹം ഉള്ളവർ

**സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമ വിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു** (ഫിലിപ്പിയർ 3:13,14). നമുക്ക് ഓരോരുത്തർക്കും ഒരു ആത്മീയ ലക്ഷ്യം ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ ലക്ഷ്യം നേടുന്നവർക്ക് ദൈവത്തിൽനിന്നും പ്രതിഫലം ഉണ്ട്.

എന്താണ് നമ്മുടെ ലക്ഷ്യം? അത് സ്വർഗ്ഗമല്ലാതെ മറ്റൊന്നും ആകരുത്. ഈ ലക്ഷ്യത്തിലേക്ക് നീങ്ങുവാൻ നമ്മുടെ ജീവിതത്തെ ക്രമീകരിക്കുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കും. നമ്മുടെ ലക്ഷ്യം ലൗകീക കാര്യങ്ങളിലാണെങ്കിൽ തീർച്ചയായും നാം പരാജയപ്പെടും. ലൗകീക ആഗ്രഹങ്ങളും നന്മകളും നാം പിന്നിലാക്കി, കർത്താവിന്റെ ക്രൂശ് മുന്നിൽ കണ്ടുകൊണ്ട് സ്വർഗ്ഗം ലക്ഷ്യമാക്കി നാം മുന്നേറണം. കർത്താവായ യേശുവിനെ അറിയാത്തവരെ സഹായിക്കുവാൻ നാം ആഗ്രഹം കാണിച്ചുകൊണ്ട് അവരെയും രക്ഷയിലേക്ക് നമുക്ക് നയിക്കാം.

നമ്മുടെ ലക്ഷ്യം സ്വർഗ്ഗമാകട്ടെ. ഈ വിലയേറിയ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാനായി നമുക്ക് പ്രയത്നിക്കാം.

************

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി യുട്യൂബ്

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ -എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

YOU CAN SEND YOUR DONATION ONLINE ALSO

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 3rd OCTOBER, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**